കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
e-mail: ddhglfalpy@gmail.com

*(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)*

നം.കെ.എസ്.എ-എ.എൽ.പി/പി13-1657/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,ആലപ്പുഴ
തീയതി: 05.01.2019
ഫോൺ – 0477 2252
ഇ-മെയിൽ – ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആറാട്ടുപുഴ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി13-1657/2018 തീയതി: 05.01.2019

# ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 05.6.2017 മുതൽ 30.6.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01.04.2017 മുതൽ 31.03.2018 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

.

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 21.11.2018 മുതൽ<br>30.11.2018 വരെ | ശ്രീമതി.എസ്സ്.എൽസമ്മ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീ. പ്രവീൺ ഷേണായി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.<br>ശ്രീമതി. രാജശ്രീ.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ശ്രീദേവി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ. |

(ബി) നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ്<br>ശ്രീമതി.എസ്.അജിത | 01.4.2017 മുതൽ 31.3.2018വരെ |

| | | |
|---|---|---|
| സെക്രട്ടറി | ആർ.ശ്രീല | 01.04.2017മുതൽ 02.04.2017വരെ |
| അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറിയുടെ ചുമതല) | ശ്രീ.രാധാകൃഷ്ണൻ നായർ | 03.04.2017മുതൽ 14.06.2017വരെ |
| സെക്രട്ടറി | ശ്രീമതി.ഷീബ.കെ.എസ്സ് | 15.06.2017മുതൽ 01.09.2017വരെ |
| സെക്രട്ടറി | ശ്രീമതി.ജയന്തി.എസ് | 02.09.2017മുതൽ 19.09.2017വരെ |
| അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറിയുടെ ചുമതല) | ശ്രീ.സിറോഷ്.എസ്സ് | 20.09.2017മുതൽ 15.11.2017വരെ |
| സെക്രട്ടറി | ശ്രീമതി.ജയകുമാർ.എസ്. | 16.11.2017മുതൽ 31.03.2018വരെ |

സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| ക്രമ നം. | സ്റ്റാൻഡിംഗ് കമ്മറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ആരോഗ്യ, വിദ്യാഭ്യാസം | ശ്രീമതി.കുക്കു ഉൻമേഷ് | 01.4.2017 മുതൽ 31.3.18വരെ. |
| 2 | വികസനകാര്യം | ശ്രീമതി.സുനു ഉദയലാൽ | 01.4.2017 മുതൽ 31.3.18വരെ. |
| 3 | ക്ഷേമകാര്യം | ശ്രീ.നിധീഷ് സുരേന്ദ്രൻ | 01.4.2017 മുതൽ 31.3.2018 വരെ |
| 4 | ധനകാര്യം | ശ്രീ.അബ്ദുൾ റഷീദ് | 01.4.2017 മുതൽ 31.3.18വരെ. |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.മഞ്ജൂഷ എൻ എസ്സ്<br>ശ്രീമതി. അജ്മി. എച്ച് | 01.04.2017 മുതൽ 01.08.2017 വരെ<br>02.08.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. അർച്ചന എസ് നായർ | 01.04.2017 മുതൽ 31.3.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സാഹിനി എസ്സ് എസ്സ് | 01.04.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ. നൂപുര | 01.04.2017 മുതൽ 14.09.2017 വരെ |
| | ഡോ.റാണി മോൾ | 15.09.2017 മുതൽ 10.11.2017 വരെ |
| | ഡോ.മഞ്ജു | 11.11.2017 മുതൽ 08.12.2017 വരെ |
| | ഡോ. നൂപുര | 09.12.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി | ഡോ. മനു എ.കെ | 01.4.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയൂർവേദം) | ഡോ.നസീർ.പി.എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മിസ്ട്രസ്സ്, ഗവ.എൽ.പി.എസ്. | ശ്രീമതി.സുരീന ബീഗം | 01.04.2017 മുതൽ 07.08.2017 വരെ |
| | ഒഴിവ് | 08.08.2017 മുതൽ 22.08.2017 വരെ |
| | ശ്രീമതി.ഉഷകുമാരി എം | 23.08.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.അപ്പൻ.വി.ആർ | 01.04.2017 മുതൽ 31.3.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.രാധാകൃഷ്ണൻ നായർ<br>ശ്രീ.സിറോഷ് എസ്സ് | 01.04.2017 മുതൽ 16.06.2017FN വരെ<br>16.06.2017AN മുതൽ 31.3.2018 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.ലക്ഷ്മി വി<br>ശ്രീ.ജിനു അരവിന്ദ് | 01.04.2017 മുതൽ 09.10.2017 വരെ<br>12.10.2017മുതൽ 31.3.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.അമ്പിളി ഭാസ്കർ | 01.04.2017 മുതൽ 31.03.2018വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ.എച്ച്.ഹാഷിദ് | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം 1 |
|---|---|---|
| 1 | 1-1 മുതൽ<br>1-12 വരെ | പൊതു അവലോകനം |
| ഭാഗം 2 | | |
| 2 | 2-1 | സർക്കാർ ഗ്രാന്റുകൾ ചെലവഴിച്ചില്ല- കോടിക്കണക്കിന് രൂപ പാഴായി |
| 3 | 2-2 | വസ്തു നികുതി കുടിശ്ശിക--25 ലക്ഷത്തോളം |
| 4 | 2-3 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല |
| 5 | 2-4 | വസ്തുനികുതി - അസ്സസ്സ്മെന്റ് ഫയൽ ഹാജരാക്കിയില്ല |
| 6 | 2-5 | നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണം--ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കുന്നില്ല.പഞ്ചായത്തിന് നികുതി നഷ്ടം. |
| 7 | 2-6 | ഡി&ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 8 | 2-7 | കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല |
| 9 | 2-8 | ഇ-ടെണ്ടർ വഴി ലഭിച്ച തുക തനതുഫണ്ടിൽ അടവാക്കാത്തത് |
| ഭാഗം 3 | | |
| 10 | 3-1 | അസിസ്റ്റന്റ് എഞ്ചിനീയർ പ്രോജക്ടുകൾ കാര്യക്ഷമമായി നടപ്പാക്കാത്തതിനാൽ 2398180/-രൂപ പാഴായി |
| 11 | 3-2 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 12 | 3-3 | സുനാമി സ്പെഷ്യൽ പാക്കേജ് പദ്ധതി --കോടികൾ ചെലവഴിച്ച പദ്ധതി --തീരദേശവാസികൾക്ക് ഇന്നും അപ്രാപ്യം. |
| 13 | 3-4 | വെള്ളക്കരകുടിശ്ശിക-ഗ്രാമപഞ്ചായത്തിന് വൻബാധ്യത |
| 14 | 3-5 | തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ് |
| 15 | 3-6 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ |
| 16 | 3-7 | ആശ്രയ പദ്ധതി --പ്രവർത്തനം ഇല്ല |
| 17 | 3-8 | ബാലസഭ പ്രവർത്തനത്തിന് നല്കിയ ഫണ്ട് സി.ഡി.എസ് അക്കൗണ്ടിൽ നിർവഹണം-- അസിസ്റ്റന്റ് സെക്രട്ടറി |
| 18 | 3-9 | മെറിറ്റോറിയസ് അവാർഡ് - മാർഗ്ഗരേഖാ വിരുദ്ധമായി വികസനഫണ്ട് ചെലവഴിച്ചു |
| 19 | 3-10 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നടപ്പാക്കിയ മരുന്ന് വാങ്ങൽ പ്രോജക്ടുകളിൽ മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല |
| 20 | 3-11 | മാലിന്യസംസ്കരണ പദ്ധതി -അംഗീകാരം വാങ്ങിയിട്ടും പദ്ധതി നടപ്പിലാക്കിയില്ല |
| 21 | 3-12 | ക്ഷേമപെൻഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല |
| 22 | 3-13 | കാർഷികമേഖല—മാറ്റങ്ങൾ അനിവാര്യം |
| 23 | 3-14 | ഹരിതകേരള മിഷൻ പ്രവർത്തനങ്ങൾ |
| 24 | 3-15 | ലൈഫ് പദ്ധതി-ഉടർനടപടി സ്വീകരിക്കേണ്ടതാണ് |

| | | |
|---|---|---|
| 25 | 3-16 | കന്നുകുട്ടി പരിപാലനം - പദ്ധതി മോണിറ്ററിംഗ് അനിവാര്യം |
| 26 | 3-17 | തൊഴിലുറപ്പ് പദ്ധതികളുടെ വിവരം |
| 27 | 3-18 | ഗ്രാവലിംഗിലും മെറ്റലിംഗിലുമായി ഒതുങ്ങുന്ന റോഡ് പ്രവൃത്തികൾ -ഭാവിയിൽ അധിക ചെലവിന് സാധ്യത |
| 28 | 3-19 | ഓഡിറ്റ് ഇംപാക്ട് |
| ഭാഗം 4 | | |
| 29 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 30 | അനുബന്ധം1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 31 | അനുബന്ധം2 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18-ലെ ബജറ്റ് 27-3-2017 തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 192364460 | 189261510 |
| വാർഷിക കണക്ക് പ്രകാരം | 62459629 | 67318786 |

കുറിപ്പ്: ബജറ്റ് വരവ് ചെലവിൽ MGNREGS നേരിട്ടുള്ള ഇനത്തിൽ 10,10,00,000 രൂപയും പെൻഷൻ ഇനത്തിൽ 3,00,00,000 രൂപയും ഉൾപ്പെട്ടതാണ്. വാർഷിക കണക്ക് ഇനത്തിൽ പ്രസ്തുത തുക വരവ് ചെലവായി ഉൾപ്പെടുത്തിയിട്ടില്ല.

2017-18 വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് മറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റികളിൽ നിന്നുള്ള ശുപാർശകൾ തയ്യാറാക്കി വാങ്ങുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാൻഡിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ നൽകുന്നതിന് തീരുമാനിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പേര് | ബജറ്റ് നിർദ്ദേശങ്ങൾ നൽകുന്നതിന് തീരുമാനിച്ച തീയതി |
|---|---|
| വികസനം | 28.2.2017 |
| ക്ഷേമകാര്യം | 28.2.2017 |
| ആരോഗ്യ - വിദ്യാഭ്യാസം | 28.2.2017 |

ബജറ്റ് രൂപീകരണം - അപാകതകൾ

വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ ഒരു യോഗം സെക്രട്ടറി വിളിച്ചുചേർത്തിട്ടില്ല. ഘടക സ്ഥാപന മേധാവികളും സെക്രട്ടറിയും തയ്യാറാക്കിയ നോൺപ്ലാൻ ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് പരിശോധനക്കും നിർദ്ദേശങ്ങൾക്കുമായി കൈമാറിയിട്ടില്ല. ഇപ്രകാരമുള്ള നോൺപ്ലാൻ ചെലവുകളും വാർഷിക പദ്ധതിയുമായി സംയോജിപ്പിച്ചല്ല കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. മുൻ വർഷത്തെ വരവു-ചെലവുകളെ മാത്രം ആധാരമാക്കിയാണ് ബജറ്റ് തയ്യാറാക്കിയത്.

ആയതിനാൽ യഥാർത്ഥത്തിലുള്ള വരവ്-ചെലവ് കണക്കുകളും ബജറ്റ് എസ്ററിമേറ്റും തമ്മിൽ കോടികണക്കിനു രൂപയുടെ അന്തരം നിലനിൽക്കുന്നു. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

സമർപ്പിച്ച തീയതി - 24.4.2018

വാർഷിക ധനകാര്യപത്രിക സമയപരിധിയ്ക്കുള്ളിൽ തന്നെ സമർപ്പിച്ചിട്ടുണ്ട്.

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2017-2018 | കെ.എസ്സ്എ.എ.എൽ.പി./ജി.എ4-1126(13)/2018 തീയതി.03.07.2018 | വിശേഷണങ്ങളോടുകൂടിയത് |

1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 20101678.89 |
| വരവ് | 62459629.00 |
| ആകെ | 82561307.89 |
| ചെലവ് | 67318786.00 |
| നീക്കിയിരിപ്പ് | 15242521.89 |

1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വി.ഫണ്ട് (ജനറൽ) | | 24933000 | 24933000 | 20266418 | 4666582 |
| വി.ഫണ്ട് (എസ്.സി.പി) | | 2742325 | 2742325 | 784716 | 1957609 |
| വി.ഫണ്ട് (റ്റി.എസ്.പി) | | 17992 | 17992 | 0 | 17992 |
| മെയിന്റനൻസ് ഫണ്ട് -റോഡ് | | 8587000 | 8587000 | 5114585 | 3472415 |
| മെയിന്റനൻസ് ഫണ്ട് – നോൺ റോഡ് | | 5410000 | 5410000 | 5374564 | 35436 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 16840318 | 16840318 | 2143256 | 14697062 |
| കെ.എൽ.എസ്. ജി.ഡി.പി | | 6127699 | 6127699 | 5323122 | 804577 |
| ട്രഷറി റ്റി.എസ്.ബി | 500 | 7 | 507 | 507 | 0 |
| ട്രഷറി റ്റി.എസ്.ബി.(ജനറൽ പർപ്പസ്) | 6906978 | 10865000 | 17771978 | 16465345 | 1306633 |
| കോർപ്പറേഷൻ ബാങ്ക്,സാക്ഷരത | 53953 | 1571 | 55524 | 55524 | 0 |
| എം.എൻ.ആർ.ഇ.ജി.എസ് | 37856 | 1955247 | 1993103 | 1928583 | 64520 |
| ട്രഷറി തനത് ഫണ്ട് (VPFA) | 3185654 | 0 | 3185654 | 0 | 3185654 |
| കോർപ്പറേഷൻ ബാങ്ക്,ദുരിതാശ്വാസനിധി | 120 | 4 | 124 | 0 | 124 |

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ട്രഷറി റ്റി.എസ്.ബി.(ജോയിന്റ് വെഞ്ച്വർ) | 390000 | 460350 | 850350 | 809328 | 41022 |
| ജില്ലാ സഹകരണബാങ്ക് | 49550.09 | 0 | 49550.09 | 118 | 49432.09 |
| റ്റി.എസ്.പി,കോർപ്പറേഷൻ ബാങ്ക് | 12739 | 1335825 | 1348564 | 99020 | 1249544 |
| ബി-ഫണ്ട് | 0 | 745080 | 745080 | 745080 | 0 |
| തനത് ഫണ്ട് | 9349711.80 | 5505499 | 14855210.80 | 6591919 | 8263291.80 |
| ക്യാഷ്(തനത് ഫണ്ട്) | 54391 | 121643 | 176034 | 54391 | 121643 |
| എസ്.ബി.ഐ.ഇ.പേയ്മെന്റ് | 0 | 8238 | 8238 | 0 | 8238 |
| എസ്.ബി.ഐ.സുനാമി | 8264 | 308 | 8572 | 0 | 8572 |
| പുനർജനി-പെരുമ്പള്ളി | 46714 | 1774 | 48488 | 0 | 48488 |
| കോർപ്പറേഷൻ ബാങ്ക്, മുതുകുളം | 5248 | 890112 | 895360 | 0 | 895360 |

1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 195 | 93219078 | 73 | 42998629 | 31 | 91 | 46.13 |

പദ്ധതി നിർവ്വഹണം സമയ ബന്ധിതമല്ല

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ (ജി ഒ (എം എസ്) 72/2017 തസ്വഭവ തീ 29.03.2017 പ്രകാരം ഓരോ പാദത്തിലും 25% ശതമാനം പദ്ധതികളെങ്കിലും പൂർത്തിയാക്കാൻ ലക്ഷ്യമിടേണ്ടതാണ്. എന്നാൽ 2018 മാർച്ച് മാസമാണ് കൂടുതലും ചെലവ് വന്നിട്ടുള്ളത്. തന്മൂലം പ്രൊജക്ടുകൾ സമയബന്ധിതമായും കാര്യക്ഷമമായും നിർവ്വഹണം നടത്താൻ സാധിച്ചില്ല. പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെലവ് ശതമാനം കൃത്യമായി മോണിറ്റർ ചെയ്യുകയോ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. ഒന്നാം പാദവർഷം 25% എങ്കിലും പ്രൊജക്ട് നിർവ്വഹണം നടത്തണം എന്ന നിർദ്ദേശം മാത്രമാണ് കമ്മിറ്റി നൽകിയിട്ടുള്ളത്.

1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 37856 | 1955247 | 1993103 | 1928583 | 64520 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 98098653 | 98098653 | 98098653 | 0 |
| ആകെ | 37856 | 100053900 | 100091756 | 100027236 | 64520 |

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 145080 | 289 |
| കർഷകതൊഴിലാളി പെൻഷൻ | 807600 | 83 |
| വിധവാപെൻഷൻ | 11886400 | 1133 |
| വാർദ്ധക്യകാലപെൻഷൻ | 10295000 | 1053 |
| വികലാംഗപെൻഷൻ | 5052100 | 431 |
| അവിവാഹിതപെൻഷൻ | 769100 | 99 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 600000 | 20 |

1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.11.2018 തീയതി, 2.30 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4538/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച്ബോധ്യപ്പെട്ടു.

1-10 ആഭ്യന്തര നിയന്ത്രണം

1. ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നു. രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് പൊതുവെ തൃപ്തികരമെങ്കിലും കുറ്റമറ്റ രീതിയിലേക്ക് പൂർണ്ണമായും ആക്കേണ്ടതാണ്.
2. പഞ്ചായത്ത് ഭരണ സമിതി, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭകൾ എന്നിവയുടെ യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുകയും, സ്ഥാപനത്തിന്റെ വരവ് - ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുകയും ചെയ്യുന്നുണ്ട്. യോഗമിനിറ്റ്സുകൾ, ഗ്രാമസഭ മിനിറ്റ്സുകൾ എന്നിവ യഥാസമയം എഴുതി പരിപാലിക്കുന്നുണ്ട്. എന്നാൽ ഗ്രാമസഭയിൽ ചർച്ച ചെയ്ത പല വിഷയങ്ങളെ സംബന്ധിച്ചും പാസ്സാക്കിയ പല പ്രമേയങ്ങളും പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തതായി കണ്ടില്ല.
3. സ്ഥാപനത്തിലെ എല്ലാ ജീവനക്കാരുടെയും ജോലിവിഭജനം കൃത്യമായി ഓഫീസ് ഓർഡറിൽ രേഖപ്പെടുത്തുന്നുണ്ട്.
4. ഫ്രണ്ട് ഓഫീസ് വഴി ലഭിക്കുന്ന തപാലുകൾ സെക്രട്ടറി ഇൻഷ്യൽ ചെയ്ത് അതാത് സെക്ഷനുകൾക്ക് കൈമാറുന്നുണ്ട്.
5. സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള സാമഗ്രികളുടെയും, സേവനങ്ങളുടെയും പ്രൊക്യൂർമെന്റ് മാന്വൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പാലിച്ചല്ല വാങ്ങലുകൾ നടത്തുന്നത്.
6. ക്ഷമതയുള്ള അധികാരികളുടെ സാക്ഷ്യപ്പെടുത്തലോടെ വാർഷിക സ്റ്റോക്ക്ബാലൻസ് പരിശോധിക്കപ്പെടുന്നില്ല.
7. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും. പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കപ്പെടുന്നില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ചേർക്കുന്നില്ല.
8. തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിലവിലുള്ള അപാകതകൾ കൂടി പരിഹരിച്ച് ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11. മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.10.2018 | സെപ്തംബർ 2018 | 3.11.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.02.2016 | 2010-11 മുതൽ 2014-15 വരെ | 31.3.2016 |

1-12. വാർഷിക കണക്ക്

1. ഓഡിറ്റ് റിക്കവറി ഇനത്തിൽ AFS(1-9) പ്രകാരം 7,250/-രൂപയാണ്. ലഭ്യമായ കണക്കുപ്രകാരം 18834/-ആണ്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
2. 03.06.2018ലെ കെ.എസ്.എ/ജി.എ4-1126(13)/2018 നമ്പരായി പുറപ്പെടുവിച്ച വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സർക്കാർ ഗ്രാന്റുകൾ ചെലവഴിച്ചില്ല- കോടിക്കണക്കിന് രൂപ പാഴായി

സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാതെ ബാക്കിയായത് ലക്ഷക്കണക്കിന് രൂപയാണ്. ഇവയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | തൻവർഷ അലോട്ട്മെന്റ് | ചെലവ് | ചെലവഴിക്കപ്പെടാത്ത തുക |
|---|---|---|---|
| വികസനഫണ്ട് | 24933000 | 20266418 | 4666582 |
| എസ്.സി.പി. | 2742325 | 784716 | 1957609 |
| ടി.എസ്.പി | 17992 | 0 | 17992 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 5410000 | 5374564 | 35436 |
| ധനകാര്യ ഗ്രാന്റ് | 16840318 | 2143256 | 14697062 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 8587000 | 5114585 | 3472415 |
| KLSGDP | 6127699 | 5323122 | 804577 |
| ആകെ | 64658334 | 39006661 | 60757668 |

ഓഡിറ്റ് വർഷം പഞ്ചായത്തിന് വിവിധ ഇനങ്ങളിലുള്ള പദ്ധതി വിഹിതമായി ആകെ 6.46 കോടി രൂപ ലഭിച്ചിരുന്നു. എന്നാൽ കേവലം 39 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചത്. ഏറ്റെടുത്ത പദ്ധതികളിൽ, പ്രത്യേകിച്ചും മരാമത്ത് പദ്ധതികളിൽ ഭൂരിഭാഗവും നടപ്പാക്കാതെ ബാക്കി 6.07 കോടി രൂപയും നഷ്ടമായി.

വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ പാഴാകുന്നതാണെന്ന് നേരത്തെതന്നെ സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും പദ്ധതി പണം ചെലവഴിക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര മുന്നൊരുക്കം നടത്തിയിട്ടില്ലാത്തതു കൊണ്ടാണ് ഇത്രയും വലിയ തുക പഞ്ചായത്തിന് നഷ്ടമായത്. ഫണ്ട് വിനിയോഗത്തിലെ ഈ പോരായ്മ പരിഹരിക്കുന്നതിന് പദ്ധതി നടത്തിപ്പിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഭാവിയിൽ ഉണ്ടാകേണ്ടതായുണ്ട്. ഭൗതിക സൗകര്യങ്ങൾ കുറഞ്ഞ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ ലഭ്യമായ ഇത്രയും ഭീമമായ തുക യഥാസമയം ചെലവഴിക്കാൻ കഴിയാതിരുന്നത് തീർത്തും നിരാശാജനകമാണ്. ആയതിനാൽ ഈ വിഷയത്തിൽ പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി പരമാവധി വിനിയോഗിക്കേണ്ടതാണ്. ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

33843456രൂപ അടങ്കലിൽ 93മരാമത്ത് വേലകൾ ആവിഷ്കരിച്ചെങ്കിലും 9855276/- രൂപ ചെലവഴിച്ച് കേവലം 26 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത് (ചെലവ് 29.12%). 93 മരാമത്തുവേലകളിൽ 41 സ്പിൽ ഓവർ പ്രോജക്ടുകളും 52 പുതിയ പ്രോജക്ടുകളുമുൾപ്പെടുന്നു. അതിൽ 16 സ്പിൽ ഓവർ പ്രോജക്ടും 51 പുതിയ പ്രോജക്ടും നടപ്പാക്കാത്തതിന്റെയും എസ്.സി./എസ്.റ്റി.വിഭാഗങ്ങൾക്കുവേണ്ടിയും, കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്കുവേണ്ടിയും പ്രോജക്ടുകൾ

ആവിഷ്കരിക്കാഞ്ഞതിന്റെയും കാരണവും വിശദമാക്കേണ്ടതാണ്.

ഭൗതിക സൗകര്യങ്ങൾ കുറഞ്ഞ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ ലഭ്യമായ തുക യഥാസമയം ചെലവഴിക്കാൻ കഴിയാതിരുന്നത് തീർത്തും നിരാശാജനകമാണ്. വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 വസ്തു നികുതി കുടിശ്ശിക--25 ലക്ഷത്തോളം

2017-18 വർഷത്തെ ഡി.സി.ബി.സ്റ്റേറ്റ്മെന്റ് ,വാർഷിക കണക്ക് എന്നിവ പ്രകാരം വസ്തുനികുതി കുടിശ്ശിക 24,93,868/-രൂപ (ലൈബ്രറി സെസ് ഉൾപ്പെടെ) പഞ്ചായത്തിന് ലഭിക്കാനുണ്ടെന്ന് കാണുന്നു. എന്നാൽ സഞ്ചയ സ്റ്റേറ്റ്മെന്റുമായി ഇത് പൊരുത്തപ്പെട്ടിരുന്നില്ല എന്ന് വാർഷിക കണക്ക് പരിശോധനയിൽ പരാമർശിച്ചിരുന്നതാണ്. അപാകത പരിഹരിക്കൽ തുടർന്നുവരികയാണ് എങ്കിൽ തന്നെയും കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ, പുരോഗതി എന്നിവ വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല. തനത് വരുമാനത്തിന്റെ പ്രധാന സ്രോതസ്സായ വസ്തുനികുതി പിരിച്ചെടുക്കാത്തതിനാൽ പഞ്ചായത്തിന് വൻ വരുമാന നഷ്ടമാണ് സംഭവിക്കുന്നത്. വാർഡ് കളക്ഷന് ബിൽ കളക്ടർമാരുടെ സേവനം ഉപയോഗിക്കേണ്ടതും കളക്ഷൻ സെന്റർ കേന്ദ്രീകരിച്ച് നികുതി പിരിവ് ഊർജ്ജിതമാക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ വസ്തുനികുതി സംബന്ധിച്ച പരിശോധനയിൽ ഇൻഡസ് ടവേഴ്സ് എന്ന ടവറിന് മാത്രമാണ് വസ്തുനികുതി ഈടാക്കി വരുന്നത്. പഞ്ചായത്ത് പരിധിയിൽ സ്ഥിതിചെയ്യുന്ന മൊബൈൽ ടവറുകൾക്ക് 14.01.2011ലെ സർക്കാർ ഉത്തരവ് നം. 19/2011/തസ്വഭവ പ്രകാരം തറവിസ്തീർണ്ണാടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. മൊബൈൽ ടവറുകൾക്ക് ചതുരശ്രമീറ്ററിന് 500/-രൂപയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ നികുതി അസസ്സ് ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ ഈടാക്കിയിട്ടില്ല. ഈ ടവറിന്റെ വസ്തുനികുതി നിർണ്ണയഫോറം (ഫോറം-6) പരിശോധിച്ചതിൽ പ്രതിവർഷം 3,300/-രൂപ നിരക്കിലാണ് നികുതി ഈടാക്കേണ്ടിയിരുന്നത്. എന്നാൽ നികുതിനിർണ്ണയിച്ച 2013-14 വർഷം മുതലുള്ള വസ്തുനികുതി ഒടുക്കിയിട്ടില്ല. ബി.എസ്.എൻ.എൽ. മൊബൈൽ ടവറിന്റെ നാളിതുവരെയുള്ള വസ്തുനികുതി ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആ കാലയളവിലെ സെക്രട്ടറിമാരുടേയും സെക്ഷൻ ക്ലാർക്കിന്റേയും ബാധ്യതയായി കണക്കാക്കുന്നതാണ്.

പഞ്ചായത്ത് പ്രദേശത്ത് എത്ര മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു എന്നുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം. 10/26.11.18) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിൽ ആകെ എത്ര മൊബൈൽ ടവറുകളുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തി പ്രവർത്തിക്കുന്ന എല്ലാ മൊബൈൽ ടവറുകളുടേയും വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-4 വസ്തുനികുതി - അസ്സസ്സ്മെന്റ് ഫയൽ ഹാജരാക്കിയില്ല

2017-18 വർഷത്തിൽ വാണിജ്യാവശ്യത്തിനുള്ള 24 കെട്ടിടങ്ങളും 39 വാസഗൃഹങ്ങളും അസ്സസ്സ് ചെയ്തിട്ടുണ്ടെന്ന് സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം വ്യക്തമായി. എന്നാൽ കേവലം 7 ഫയലുകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. 2017-18ൽ കെട്ടിട നമ്പർ നല്കിയ വാണിജ്യ/വാസഗൃഹം കെട്ടിടങ്ങളുടെ മുഴുവൻ ഫയലുകളും പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല. 2017-18 ലെ സെക്ഷൻ ക്ലർക്ക് സ്ഥലം മാറിപ്പോയതിനാൽ ഫയലുകൾ ഏല്പിച്ചില്ല എന്നും കണ്ടെത്താൻ സാധിക്കുന്നില്ല എന്നും നിലവിലെ ക്ലർക്കും ജീവനക്കാരും വാക്കാൽ അറിയിച്ചു. നിലവിലെ ഉദ്യോഗസ്ഥൻ സ്ഥലംമാറുമ്പോൾ ഫയലുകൾ കൈമാറി ഏൽപ്പിച്ചശേഷം മാത്രം വിടുതൽ ചെയ്യാൻ മേലധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. 2017-18ലെ മുഴുവൻ അസസ്മെന്റ് ഫയലുകളും പരിശോധനയ്ക്ക് ഹാജരാക്കാൻ വേണ്ട നടപടികൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

## 2-5 നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണം--ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കുന്നില്ല.പഞ്ചായത്തിന് നികുതി നഷ്ടം.

വസ്തുനികുതി പരിശോധനയ്ക്ക് ഹാജരാക്കിയ 7 കൊമേഴ്സ്യൽ കെട്ടിടങ്ങളുടെ ഫയലുകളിൽ 2കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചിട്ടില്ല. റഗുലൈറൈസേഷനും അസ്സസ്സ്മെന്റിനും ഉടമസ്ഥൻ അപേക്ഷ ഹാജരാക്കിയെങ്കിലും നടപടികൾ സ്വീകരിച്ചില്ല എന്ന് കണ്ടതിനെ തുടർന്ന് നടത്തിയ അന്വേഷണത്തിൽ നിയമാനുസൃതമല്ലാത്ത നിർമ്മാണം ആയതിനാൽ നമ്പർ നല്കിയില്ല എന്നും നിയമാനുസൃതമല്ലാത്ത നിർമ്മാണംഎന്ന അഭിപ്രായം രേഖപ്പെടുത്തിക്കൊണ്ട് നടപടികൾ സ്വീകരിക്കാതെ ഫയൽ മാറ്റിവയ്ക്കപ്പെടുന്നു എന്നും കാണുന്നു. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്

നിയമാനസൃതമല്ലാത്ത നിർമ്മാണമാണെന്ന് സൂചിപ്പിക്കുന്ന യു.എ.നമ്പർ നല്കി കേരള പഞ്ചായത്ത് രാജ് സെക്ഷൻ 235 AA പ്രകാരമുള്ള നടപടി സ്വീകരിച്ച് മൂന്നിരട്ടി നികുതി ഈടാക്കുകയാണ് വേണ്ടത്. യു.എ.നമ്പർ നല്കുമ്പോൾ വസ്തുനികുതി ഈടാക്കുന്നതിന് മാത്രമാണെന്നും അത് കെട്ടിടം പ്രവർത്തിക്കുന്നതിനുള്ള ഒരു അനുമതിയും അല്ല എന്നതും ശ്രദ്ധേയമാണ്. പെർമിറ്റ് ഇല്ലാതെ നിയമാനസൃതമല്ലാത്ത കെട്ടിടം നിർമ്മിക്കാൻ ആരംഭിക്കുമ്പോൾ തന്നെ പരിശോധിച്ച് സെക്രട്ടറി സ്റ്റോപ്പ് മെമ്മോ നല്കേണ്ടതാണ്. {കേരള ബിൽഡിംഗ് റൂൾസ്2010-(അനധികൃത നിർമ്മാണം റഗുലൈറൈസേഷൻ) റൂൾ21} എന്നാൽ പഞ്ചായത്തിൽ ഇപ്രകാരം ധാരാളം അനധികൃത നിർമ്മാണങ്ങൾ നടക്കുന്നുണ്ട് എങ്കിൽ തന്നെയും സ്റ്റോപ്പ് മെമ്മോ നല്കുകയോ യു.എ നമ്പർ നല്കുകയോ ചെയ്തിട്ടില്ല. ചട്ടവിരുദ്ധമായ ഇത്തരം കെട്ടിട നിർമ്മാണത്തിനെതിരെ നിയമ നടപടി സ്വീകരിച്ച് കെട്ടിടം പൊളിച്ചുകളയും വരെ മൂന്നിരട്ടി നികുതി ഈടാക്കേണ്ടതും അനധികൃത നിർമ്മാണം തടയേണ്ടതുമാണ്.

## 2-6 ഡി&ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2017-18 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 91 സ്ഥാപനങ്ങളാണ് ഗ്രാമപഞ്ചായതതിൽ പ്രവർത്തിക്കുന്നത്. എന്നാൽ പല സ്ഥാപനങ്ങളും ഡി&ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു. ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.27/29.11.18) ലഭിച്ച മറുപടിപ്രകാരം ഗ്രാമപഞ്ചായത്തിൽ 22 റേഷൻകടകളും 2 കള്ള് ഷാപ്പുകളും 1 പീലിംഗ് ഷെഡും ഉണ്ട്. എന്നാൽ ലൈസൻസ് ഇല്ലാതെ ഈ സ്ഥാപനങ്ങൾ ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232 പ്രകാരം ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് കൂടാതെ സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. തീരദേശമേഖല ആയതിനാൽ ഇവയ്ക്കെല്ലാം നമ്പർ നൽകുന്നതിൽ ബുദ്ധിമുട്ടുണ്ടെന്നും അതിനാൽ ഇവയ്ക്ക് പഞ്ചായത്തിൽ നിന്ന് ലൈസൻസ് നൽകാൻ കഴിയാത്ത സാഹചര്യമാണ് ഉള്ളതെന്നും അറിയിച്ചു. നിയമാനസൃതമല്ലാത്ത കെട്ടിട നിർമ്മാണവും ഡി&ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതും അനുവദിക്കാൻ പാടില്ലാത്തതും നിലവിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നവയ്ക്കെതിരെ ചട്ടലംഘനത്തിന് കേരള പഞ്ചായത്ത് രാജ് ആക്ട് 255-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-7 കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന ഗ്രാമപഞ്ചായത്തിലെ താമസക്കാരായ ചുവടെ ചേർത്തിരിക്കുന്ന കരാറുകാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഇവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

1. സഹജൻ.ബി, പത്മാലയം, ആറാട്ടുപുഴ
2. ശിവപ്രസാദ്.ജെ, മീനത്തേരിൽ, പെരുമ്പള്ളി, വലിയഴീക്കൽ
3. ഷെറീഫ്, പൊന്നന്റങ്ങ്, ആറാട്ടുപുഴ

## 2-8 ഇ-ടെണ്ടർ വഴി ലഭിച്ച തുക തനതുഫണ്ടിൽ അടവാക്കാത്തത്

വിവിധ വർഷങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഇ-ടെന്ററിലൂടെ പഞ്ചായത്തിന് ലഭിക്കേണ്ട തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് (93100/-) നിക്ഷേപിക്കപ്പെട്ടിട്ടുണ്ടെങ്കിലും നാളിതുവരെ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് തുക ഒടുക്കിയിട്ടില്ല. ഇതു കൂടാതെ ടെന്റർ ഫോറം (8900/-) വിലയിനത്തിൽ ലഭിച്ച, പഞ്ചായത്തിന് അവകാശപ്പെട്ട തുക കൈമാറ്റം ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5/17-18/തീയതി.2311.2018) എത്രയും വേഗം തുക കൈമാറുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക തനതുഫണ്ടിൽ നിക്ഷേപിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അസിസ്റ്റന്റ് എഞ്ചിനീയർ പ്രോജക്ടുകൾ കാര്യക്ഷമമായി നടപ്പാക്കാത്തതിനാൽ 2398180/-രൂപ പാഴായി

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ വന്ന കാലതാമസം വഴി തൻവർഷം വകയിരുത്തിയ തുകയിൽ 2398180/-രൂപയുടെ പ്രവൃത്തികൾ നടത്താൻ കഴിഞ്ഞില്ല. അംഗീകാരം ലഭിച്ച 93 പൊതുമരാമത്ത് പ്രവൃത്തികളിൽ 26 എണ്ണത്തിൽ മാത്രമേ

തൻവർഷം ചെലവുള്ളൂ. ഇതിൽ തന്നെ പുതുതായി രൂപീകരിച്ച 51 പ്രോജക്ടുകളിൽ 1 എണ്ണത്തിൽ മാത്രമേ ചെലവുള്ളൂ. പൊതുമരാമത്ത് പദ്ധതികൾക്കായി ആകെ 33843456/- രൂപ വകയിരുത്തിയതിൽ 9855276/- രൂപയേ ചെലവുള്ളൂ. വകയിരുത്തിയ തുകയിൽ 23988180/- രൂപയാണ് തൻവർഷം വിനിയോഗിക്കാൻ കഴിയാതെപോയത്. ആയത് പദ്ധതി നിർവ്വഹണത്തിലുണ്ടായ വീഴ്ചയാണ്.

വകയിരുത്തിയ തുകയുടെയും ചെലവിന്റെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ടിനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം | ചെലവഴിക്കാത്ത തുക |
|---|---|---|---|---|
| വികസനഫണ്ട് | 2636121 | 687121 | 26.06% | 1949000 |
| ധനകാര്യകമ്മീഷൻഗ്രാന്റ് | 8933144 | 750113 | 8.39% | 8183031 |
| കേന്ദ്രാവിഷ്കൃതഫണ്ട് | 2000000 | 0 | 0% | 2000000 |
| തനത്ഫണ്ട് | 219201 | 58630 | 26.74% | 160571 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 390000 | 0 | 0% | 390000 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 15274500 | 5114585 | 33.48% | 10159915 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 2177791 | 1126785 | 51.73% | 1051006 |
| ലോകബാങ്ക് സഹായം | 2212699 | 2118042 | 95% | 94657 |
| ആകെ | 33843456 | 9855276 | 29.12% | 23988180 |

ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്ടിവിറ്റി മാപ്പും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 3-2 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2017-18 സാമ്പത്തികവർഷം വിവിധ പ്രോജക്ടുകളിലായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പദ്ധതിയുടെ പേര്/പ്രോജക്ട് നം. | അടങ്കൽ, ഫണ്ട് | നൽകിയത് | ചെലവഴിച്ച തുക/ ബിൽ നം/തീയതി |
|---|---|---|---|
| ഐ.കെ.എം.വിഹിതം 76/17-18 | 1,00,660/- വികസനഫണ്ട് | എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ | 1,00,660/- 4/17-18/31.7.17 |
| വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ 206/17-18 | 70,000/- തനത് ഫണ്ട് | കെ.എസ്.ഇ.ബി. | 8,641/- ചെക്ക് നം. 389175/13.03.18 |
| അംഗനവാടി നമ്പർ 14, 20 കെട്ടിടനിർമ്മാണം വിഹിതം നൽകൽ 214/17-18 | 1160000 വികസനഫണ്ട് | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്തുവിഭാഗം | 1160000 (28/17-18/12.3.18 |

ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 സുനാമി സ്പെഷ്യൽ പാക്കേജ് പദ്ധതി --കോടികൾ ചെലവഴിച്ച പദ്ധതി --തീരദേശവാസികൾക്ക് ഇന്നും അപ്രാപ്യം.

2007 ൽ സർക്കാർ അനുവദിച്ച സുനാമി സ്പെഷ്യൽ പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തി 2010 ൽ ആവിഷ്കരിച്ച് പാതി വഴിയിലായ പദ്ധതികൾ നിലവിൽ പ്രവർത്തനക്ഷമമാണോ എന്ന് അന്വേഷിച്ച് നല്കിയ എൻക്വയറിക്ക് കെട്ടിടങ്ങൾ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും പ്രവർത്തിക്കുന്നില്ല എന്നാണ് മറുപടി നൽകിയത്. പ്രത്യേക ഉദ്ദേശ്യ ലക്ഷ്യത്തോടെ സർക്കാർ ഫണ്ട് ചെലവഴിച്ച് നടപ്പാക്കിയ പദ്ധതികൾ ഒരു പ്രയോജനവും സിദ്ധിക്കാതെ നിഷ്ക്രിയമാക്കുകയാണ്. തടസ്സങ്ങൾ നീക്കി പദ്ധതി ലക്ഷ്യം കൈവരിക്കാനുള്ള നടപടികൾ അടിയന്തിരമായി ഭരണസമിതി കൈക്കൊള്ളേണ്ടതാണ്. 2013 ൽ ഈ വകുപ്പിൽ നിന്നും തന്നെ പുറപ്പെടുവിച്ച സുനാമി പാക്കേജ് പ്രത്യേക ഓഡിറ്റ് റിപ്പോർട്ടിൽ വിശദമായി പരാമർശിച്ച ഈ വിഷയങ്ങൾക്ക് തുടർനടപടി നാളിതുവരെ കൈക്കൊണ്ടില്ല എന്നത് ഖേദകരമാണ്. പ്രധാന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

കോൾഡ് സ്റ്റോറേജ് യൂണിറ്റ്-കനകക്കുന്ന് -ചെലവ്-12,56,833/-

മത്സ്യമാർക്കറ്റ് കെട്ടിടം-9,81,415/-

ഫിഷ് മീൽ പ്ലാന്റ്-3കോടി

## 3-4 വെള്ളക്കരകുടിശ്ശിക-ഗ്രാമപഞ്ചായത്തിന് വൻബാധ്യത

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള 1212 കുടിവെള്ള ടാപ്പുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. ടാപ്പ് ഒന്നിന് 5250 രൂപ നിരക്കിൽ 530250/-രൂപ പ്രതിമാസ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. പ്രതിവർഷം 6 ലക്ഷം രൂപയിൽ അധികം രൂപ ഈ ഇനത്തിൽ ചെലവഴിക്കുന്നുണ്ട്. വാട്ടറ് അതോറിറ്റിയിലെ 10/17 ലെ ഡിമാന്റ് വിവരം ചുവടെ ചേർക്കുന്നു

1.10.17ലെ ടാപ്പുകളുടെ എണ്ണം - 1212

30.9.17 വരെയുള്ള ഡിമാന്റ് തുക - 7,15,52,217

| | |
|---|---|
| 2% ഫൈൻ - | 14,03,714 |
| 10/17ലെ ഡിമാന്റ് - | 5,30,250 |
| ആകെ - | 7,34,86,181 |

പ്രോജക്ട് നം.98/17-18 (വെള്ളക്കരം ഒടുക്കൽ)പ്രകാരം മെയ്ന്റനൻസ് ഗ്രാന്റ്(നോൺ റോഡ്) ഇനത്തിൽ നിന്നും ബിൽ നം.25/17-18/17.2.18 പ്രകാരം 38,14,500 രൂപ പിൻവലിച്ച് വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ അടവാക്കുന്ന തുക കുടിശ്ശികയിലും പിഴപലിശയിലും വരവ് വയ്ക്കുന്നതിനാൽ കുടിശ്ശിക ബാധ്യത കൂടുകയല്ലാതെ കുറഞ്ഞിട്ടില്ല. 2017-18 സാമ്പത്തികവർഷം ഗാർഹികകണക്ഷനുകൾ നൽകിയിട്ടുണ്ടെങ്കിലും ടാപ്പുകളുടെ എണ്ണത്തിൽ വ്യത്യാസം വന്നിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ(സാധാരണ) നം.1275/09/ത.സ്വ.ഭ.വ തീയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതനുസരിച്ച് സംയുക്ത പരിശോധന നടത്തണമെന്നാവശ്യപ്പെട്ട് കത്തുകൾ ജലഅതോറിറ്റിയിൽ നൽകിയിട്ടുണ്ടെങ്കിലും പരിശോധന നടത്തിയിട്ടില്ല.

ഗാർഹിക കണക്ഷനുകൾക്ക് പ്രോൽസാഹനം നൽകി ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും കുടിവെള്ളം ഉറപ്പാക്കിയതിനുശേഷം പൊതുടാപ്പുകൾ നിർത്തലാക്കുക എന്ന സമീപനം സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പരമാവധി കുടുംബങ്ങൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനായി നിയമാനുസൃത സബ്സിഡി അനുവദിച്ച് ഗാർഹിക കുടിവെള്ള കണക്ഷനുകൾ അനുവദിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിക്കേണ്ടതാണ്. ഇക്കാര്യത്തിനായി 13-ാം

പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള തുക വകയിരുത്താവുന്നതാണ്.

2. ജില്ലാ പഞ്ചായത്തുമായി ചേർന്ന് സംയുക്ത പ്രൊജക്റ്റുകൾ ആവിഷ്കരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.
3. ഒരു പ്രദേശത്തെ എല്ലാ വീട്ടുകളിലേയും ജലലഭ്യത ഉറപ്പാക്കിയതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കാവുന്നതാണ്.
4. പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി ഉപയോഗ രഹിതമായവയ്ക്ക് ചാർജ്ജ് ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 6/23-11-2018 നുള്ള മറുപടിയിലും 30.11.2018 ലെ എക്സിറ്റ് മീറ്റിംഗിലും പൊതു ടാപ്പുകളുടെ കൃത്യമായ കണക്ക് ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ ആവിഷ്കരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അതിനുവേണ്ടി ഉദ്യോഗതലത്തിൽ മാത്രമല്ല ഭരണതലത്തിലും സജീവ ഇടപെടലുണ്ടാവേണ്ടതാണ്.

## 3-5 തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ്

ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ 1180 സി.എഫ്.എൽ.ബൾബുകളും 11 ഫ്ളൂറസെന്റ് ലാമ്പുകളുമായിരുന്ന സ്ട്രീറ്റ് ലൈറ്റായി നിലവിലുണ്ടായിരുന്നത്. 2017-18 സാമ്പത്തികവർഷത്തെ സ്പിൽഓവർ പദ്ധതികളായ(SO 45/17-18) തെരുവുവിളക്കുപകരണങ്ങൾ വാങ്ങൽ, തെരുവുവിളക്ക് സ്ഥാപിക്കൽ (SO46/17-18) എന്നിവ പ്രകാരം പഞ്ചായത്തിലെ കാലഹരണപ്പെട്ട മുഴുവൻ തെരുവുവിളക്കുകളും ഒഴിവാക്കി പകരം പുതിയ 1191 എൽ.ഇ.ഡി. തെരുവുവിളക്കുകൾ പഞ്ചായത്തിലെ വിവിധ വാർഡുകളിലായി സ്ഥാപിച്ചിട്ടുണ്ട്. 2018 ഫെബ്രുവരി മാസത്തിലാണ് പുതിയ തെരുവുവിളക്കുകൾ സ്ഥാപിച്ചത്. കൂടാതെ പഞ്ചായത്തിലെ പ്രധാന റോഡുകളിൽ ഭാഗികമായും ഗ്രാമീണറോഡുകളിൽ പൂർണ്ണമായും നിലവിൽ സ്ട്രീറ്റ് മെയിനുകളില്ല. അതിനാൽ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ കൂടുതൽ കാര്യക്ഷമമായ സെൻസറിംഗ് സംവിധാനത്തിലൂടെ പ്രവർത്തിക്കുന്ന ഓട്ടോമാറ്റിക്ക് എൽ.ഇ.ഡി തെരുവുവിളക്കുകൾ സ്ഥാപിച്ചതു വഴി വൈദ്യുതിചാർജ്ജ് 42000/- രൂപയിൽ നിന്നും 9631 രൂപയായി കുറവ് വരുത്തുവാൻ സാധിച്ചത് അഭിനന്ദനാർഹം തന്നെ.

## 3-6 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ

കെട്ടിടം – ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് പരിധിയിൽ 40 അങ്കണവാടികൾ പ്രവർത്തിയ്ക്കുന്നു. അതിൽ 28 എണ്ണം സ്വന്തം കെട്ടിടത്തിലും 11 എണ്ണം വാടകകെട്ടിടത്തിലും ഒരെണ്ണം പൊതു കെട്ടിടത്തിലുമാണ് പ്രവർത്തിയ്ക്കുന്നത്. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന 6 അങ്കണവാടികൾക്ക് ഇപ്പോൾ കെട്ടിടനിർമ്മാണം നടന്നുവരുന്നു. 2 അങ്കണവാടികൾക്ക് സ്ഥലം ലഭ്യമായിട്ടുണ്ട്.

കുടിവെള്ളം- സ്വന്തമായി കെട്ടിടം ഉള്ള 28 അങ്കണവാടികൾക്കും കുടിവെള്ള കണക്ഷൻ ഉണ്ട്.

ടോയ്‌ലെറ്റ്- 29 അങ്കണവാടികളിൽ ടോയ് ലെറ്റ് സൌകര്യം ഉണ്ട്. അതിൽ രണ്ടെണ്ണം ബേബി ഫ്രണ്ട്ലി ടോയ്‌ലെറ്റ് ആണ്. പലതും മെയിന്റനൻസ് ചെയ്യാനുണ്ടെന്ന് അറിയിച്ചു.

വൈദ്യുതി- സ്വന്തമായി കെട്ടിടം ഉള്ള അങ്കണവാടികൾക്ക് മാത്രമാണ് വൈദ്യുതി കണക്ഷൻ ഉള്ളത്.

ചുറ്റുമതിൽ- 5 അങ്കണവാടികൾക്ക് മാത്രമാണ് ചുറ്റുമതിൽ ഉള്ളത്.

ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യം- എല്ലാ അങ്കണവാടികൾക്കും ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യങ്ങൾ ഉണ്ട്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ്- അങ്കണവാടികൾ പ്രവർത്തിയ്ക്കുന്ന കെട്ടിടം നിലവിൽ സുരക്ഷിതമാണോ എന്ന് പരിശോധിച്ച് നൽകുന്ന ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് 2017-18 വർഷവും ലഭ്യമാക്കിയിട്ടില്ല. 2016 മുതൽ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. എല്ലാ വർഷവും മെയ് 10 നകം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ എൻജിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പടെയുള്ള അങ്കണവാടികൾ സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കാൻ പാടില്ല. മുൻ ഓഡിറ്റ് റിപ്പോർട്ടിലും ഈ വിഷയം ചൂണ്ടിക്കാട്ടിയിരുന്നു. നാളിതുവരെ തുടർ നടപടി സ്വീകരിച്ചിട്ടില്ല.

അങ്കണവാടികളുടെ പ്രവർത്തനം സാമാന്യം തൃപ്തികരമെങ്കിലും 12 എണ്ണത്തിന് സ്വന്തമായി കെട്ടിടം ഇല്ലാത്തതും, ചുറ്റുമതിൽ, ടോയ്‌ലെറ്റ്, കുടിവെള്ള കണക്ഷൻ, വൈദ്യുതി തുടങ്ങിയ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും ഗൗരവമേറിയ വിഷയമാണ്. അങ്കണവാടി കെട്ടിടങ്ങളുടെ സംരക്ഷണം, പ്രവേശനോത്സവം മുതലായ പ്രവർത്തനങ്ങൾ

നടത്തുന്നതിന് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം.31055/ഡി.സി.2/2011/ത.സ്വ.ഭ.വ/22.03.2011ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 ആശ്രയ പദ്ധതി --പ്രവർത്തനം ഇല്ല

ആശ്രയ പദ്ധതിയിൽ നിലവിൽ 202 ഗുണഭോക്താക്കൾ ഉൾപ്പെട്ടിരിക്കുന്നു. ഇവർക്കെല്ലാം സ്ഥലവും വീടും ആവശ്യമുള്ളവരുമാണ് എന്നാണ് ലിസ്റ്റ് പ്രകാരം വ്യക്തമാകുന്നത്. കഴിഞ്ഞ ഏതാനും വർഷങ്ങളായി ഭക്ഷണ വിതരണം അല്ലാതെ വികസനഫണ്ട് വകയിരുത്തി പദ്ധതികൾ ഒന്നും തന്നെ ഇവർക്കായി നടപ്പിലാക്കുന്നില്ല. വരും വർഷങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നുണ്ട് എന്ന് അപാകത പരാമർശിച്ച് നല്കിയ എൻക്വയറിക്ക് മറുപടി നല്കി. പദ്ധതി പ്രവർത്തനങ്ങളിൽ ഏറ്റവും മുൻഗണന നല്കി നടപ്പിലാക്കേണ്ടത് ആശ്രയ ഗുണഭോക്താക്കളുടെ ആവശ്യമാണ് എന്നിരിക്കെ ഇവർക്ക് ഒരു സേവനവും നൽകിയിട്ടില്ല. 2017-18 ൽ വികസനഫണ്ട് 4666582/-രൂപ ചെലവഴിക്കാതെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കപ്പെട്ടു എന്നത് പ്രത്യകം ചൂണ്ടിക്കാട്ടുന്നതോടൊപ്പം ഇത് ജനകീയാസൂത്രണ പദ്ധതിയുടെ വിഭാവനത്തിന്എതിരാണ് എന്നതും ഓർമ്മപ്പെടുത്തുന്നു. ആനുകൂല്യത്തിന് അർഹരായ യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തി സ്പോൺസർഷിപ്പിലൂടെയും പദ്ധതി ഫണ്ടും ഉപയോഗിച്ച് അവർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സാക്ഷാത്ക്കരിച്ച് നല്കാൻ ശ്രമിക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഇതിൽ ക്ഷണിക്കുന്നു.

## 3-8 ബാലസഭ പ്രവർത്തനത്തിന് നല്കിയ ഫണ്ട് സി.ഡി.എസ് അക്കൗണ്ടിൽ നിർവഹണം-- അസിസ്റ്റന്റ് സെക്രട്ടറി

ബാലസഭ (S0212/18) പദ്ധതിയ്ക്കായി 2017-18 ൽ തനത്ഫണ്ട് 25000/-രൂപ ചെക്ക് നം. 3327160/16.2.18 പ്രകാരം പിൻവലിച്ച് സി.ഡി.എസ് അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്. പദ്ധതി നടപ്പാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ഹാജരാക്കാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് ബാലസഭ രൂപീകരിച്ചിട്ടുണ്ടെന്നും കുട്ടികൾക്ക് പഠനയാത്ര ഉടനെ നടത്താൻ ടി ഫണ്ട് ഉപയോഗിക്കുമെന്നും അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചു. നിലവിൽ സി.ഡി.എസ് അക്കൗണ്ടിൽ ഡെപ്പോസിറ്റായി തുടരുന്ന തുക ചെലവഴിച്ചിട്ടില്ലാത്തതിനാലും പദ്ധതി ലക്ഷ്യം നടപ്പിലായിട്ടില്ലാത്തതിനാലും 25000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 മെറിറ്റോറിയസ് അവാർഡ് - മാർഗ്ഗരേഖാ വിരുദ്ധമായി വികസനഫണ്ട് ചെലവഴിച്ചു

എച്ച്.എം നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മെറിറ്റോറിയസ് അവാർഡ്-S0104/18 പദ്ധതിയിൽ എസ്.എസ്.എൽ.സി, +2 ക്ലാസ്സുകളിൽ A+ നേടിയ 32 വിദ്യാർത്ഥികൾക്ക് അവർ നേടിയ സ്കോറിന് ആനുപാതികമായി ആകെ 49950/-രൂപ വികസനഫണ്ട് അനുവദിച്ചിട്ടുണ്ട്.

03.04.2017-ലെ ജി.ഒ.(എം.എസ്) നം.80/2017 സബ്സിഡിമാർഗ്ഗരേഖ പ്രകാരം സംസ്ഥാന സർക്കാരോ സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേക്കും കേന്ദ്രസംസ്ഥാനതല പരീക്ഷയിൽ യോഗ്യത നേടി പഠനം നടത്തിവരുന്ന എസ്.സി. വിഭാഗത്തിലുള്ള എല്ലാ വിദ്യാർത്ഥികൾക്കും സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ്കാലാവധി വരെയുള്ള കാലയളവിലേക്ക് പ്രതിവർഷം ഓരോ കോഴ്സിനും നിശ്ചയിച്ചിരിക്കുന്ന സ്കോളർഷിപ്പ് തുക നല്കാവുന്നതാണ് എന്നാണ്. ബിരുദബിരുദാനന്തര കോഴ്സ് മുതലുള്ള പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള പഠനത്തിനാണ് ഇപ്രകാരം സ്കോളർഷിപ്പ് നല്കേണ്ടത്. സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമായി പരാമർശിച്ചിട്ടുള്ള ഈ ഇനത്തിന്റെ പേരിൽ നടപ്പാക്കിയത് എസ്.എസ്.എൽ.സി, +2 ക്ലാസ്സുകളിൽ മാർക്ക് നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നല്കുക എന്നതാണ്. ഇത് സബ്സിഡിമാർഗ്ഗരേഖാ വിരുദ്ധമാകയാൽ ടി ചെലവ് അനുവദനീയമല്ല. 49950/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. അപാകത പരാമർശിച്ച് നല്കിയ എൻക്വയറിക്ക് സർക്കാർ സാധൂകരണത്തിന് അപേക്ഷിച്ച് സാധൂകരണം ലഭ്യമാക്കി അറിയിക്കാമെന്ന് എച്ച്.എം. മറുപടി അറിയിച്ചു. സാധൂകരണം ലഭ്യമാക്കാത്ത പക്ഷം ടി തുക നിർവഹണ ഉദ്യോഗസ്ഥയുടെയും പദ്ധതിക്ക് അംഗീകാരം നല്കിയ ശ്രീ.എം.ഹുസൈൻ. എ.ഇ.ഒയുടേയും ബാധ്യത ആകുന്നതാണ്.

48450/- ബിൽ നം. 5/17-18 dt.21.3.18

1500/- ബിൽ നം.11/17-18 dt.26.3.18

## 3-10 മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നടപ്പാക്കിയ മരുന്ന് വാങ്ങൽ പ്രോജക്ടുകളിൽ

<u>മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല</u>

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥനായി പി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ, പാലിയേറ്റിവ് കെയർ എന്നീ പ്രോജക്ടുകളിൽ മരുന്ന് വാങ്ങുന്നതിനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുക കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു

| പ്രോജക്ട് നം. | ബിൽ നം./ തുക, തീയതി | ലഭിച്ച മരുന്നുകളുടെ ഇൻവോയിസ് നം./തീയതി,തുക | മരുന്ന് ലഭിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|
| S68/18പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ | 3/17-18,Rs.3,00,000/-<br>20.01.18 | PRF734/28.08.18<br>17,892/-<br>PRF3113/28.08.18<br>43,383/-<br>PRF734/22.09.18<br>44,622/-<br>PRF734/24.09.18<br>15,748/-<br>PRF734/03.10.18<br>22,795/-<br>PRF3113/03.10.18<br>14,169/-<br>PRF3113/03.11.18<br>5,376/-<br>PRF734/09.11.18<br>44,622/-<br>PRF734/16.11.18<br>3,888/-<br>total-2,12,495 | 87,505/- |
| S71/18<br>സാന്ത്വന പരിചരണ പരിപാടി | 4/17-18,Rs.1,00,000/-<br>20.01.18 | PRF3111/30.08.18<br>17,878/-<br>PRF3111/22.09.18<br>13,282/-<br>PRF3111/22.09.18<br>2,375/-<br>PRF3112/22.09.18<br>5,254/-<br>PRF3111/03.10.18<br>13,984/-<br>total-52,773/- | 47,227/- |
| ആകെ | | | 1,34,732/- |

മരുന്നുകൾ ലഭ്യമാക്കാൻഅടിയന്തിര നടപടി സ്വീകരിച്ച് മരുന്ന് ലഭ്യമാക്കി വിശദാംശം അറിയിക്കേണ്ടതാണ്. ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 <u>മാലിന്യസംസ്കരണ പദ്ധതി -അംഗീകാരം വാങ്ങിയിട്ടും പദ്ധതി നടപ്പിലാക്കിയില്ല</u>

സ.ഉ.(സാധാ) നം.832/17 dt.23.3.17 ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ സ്ഥാപനങ്ങളും മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് നിർബന്ധിത പ്രോജക്ട് നടപ്പിലാക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി പാലക്കാട് ഐ.ആർ.ടി.സി യിൽ 13.7.17 ൽ നടന്ന ട്രെയിനിംഗിൽ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ നിന്നും പങ്കെടുത്ത 3 മെമ്പർമാരുടെ രജിസ്ട്രേഷൻഫീസിനത്തിൽ 4500/- രൂപ ചെക്ക് നം.364209 പ്രകാരം അനുവദിച്ചിട്ടുണ്ട്. ഇതേ തുടർന്ന് നടത്തിയ അന്വേഷണത്തിൽ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് പദ്ധതി നടപ്പിലാക്കാൻ ശുചിത്വമിഷനിൽ നിന്നും 28.9.17ൽ 12,00,000/- രൂപയും 8.10.18 ൽ 8,00,000/- രൂപയും പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമായി. 2017-18 ൽ അസിസ്റ്റന്റ് എഞ്ചിനീയറെ നിർവഹണ ഉദ്യോഗസ്ഥനാക്കി പദ്ധതികൾക്ക് അംഗീകാരം വാങ്ങിയിരുന്നെങ്കിലും ഒന്നും നടപ്പാക്കാതെ ഉപേക്ഷിച്ചു. 2018-19 ൽ ടി പദ്ധതികൾ നടപ്പിലാക്കാൻ TRTC-ക്ക് തുക നല്കിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു. പദ്ധതി സുതാര്യമായി നടപ്പാക്കി ലക്ഷ്യം കൈവരിക്കേണ്ടതാണ്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മേൽനോട്ടം പദ്ധതി നടത്തിപ്പിൽ ഉണ്ടാകേണ്ടതാണ്.

## 3-12 ക്ഷേമപെൻഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല

വിവിധ ക്ഷേമപെൻഷനുകളുടെ അപേക്ഷാരജിസ്റ്റർ പരിശോധിച്ചതിൽ 2016 മുതലുള്ള അപേക്ഷകൾ 2017-18വർഷം അന്വേഷണത്തിനായി, ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയതായി കാണുന്നു. എന്നാൽ ഈ അപേക്ഷകൾ തിരികെ ലഭിച്ചതിന്റെയോ അപേക്ഷകർക്ക് പെൻഷൻ അനുവദിച്ചതിന്റെയോ വിവരം ലഭ്യമല്ല. ഇവർക്ക് പെൻഷൻ അനുവദിച്ചോ എന്നുള്ള വിവരവും ലഭ്യമല്ല. അപേക്ഷകളിൻമേൽ നടപടി സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 2016-ൽ ലഭിച്ച അപേക്ഷകൾ 2017-18 വർഷത്തിൽ അന്വേഷണത്തിനായി ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറിയിട്ടുള്ളതാണെന്നും ഈ കാലയളവിൽ സേവന പെൻഷൻ വെബ്സൈറ്റ് ക്ലോസ് ആയിരുന്നതിനാൽ തിരികെ ലഭിച്ച അപേക്ഷകളുടെ ഡാറ്റാ എൻട്രി പൂർത്തിയാക്കുവാൻ സാധിച്ചില്ല എന്നും മറുപടി നൽകി. സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പരിശോധിക്കുന്നതിനായി 2016 മുതലുള്ള അപേക്ഷകൾ തരം തിരിക്കുവാൻ ആ കാലയളവിൽ ജീവനക്കാരുടെ പരിമിതിമൂലം സാധിച്ചിരുന്നില്ല എന്നും അറിയിച്ചു. ഓരോ ക്ഷേമപെൻഷനും തീർപ്പ് കൽപ്പിക്കേണ്ടതിന് കൃത്യമായ കാലയളവ് ഉണ്ട്. ഗ്രാമപഞ്ചായത്തിൽ എറ്റവും കൂടുതലുള്ള വാർദ്ധക്യകാല പെൻഷൻ 30 ദിവസത്തിനുള്ളിലാണ് തീർപ്പാക്കി പെൻഷൻ അനുവദിച്ച് നൽകേണ്ടത്. ഉദ്യോഗസ്ഥർ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പെൻഷൻ അപേക്ഷകളിന്മേൽ തുടർനടപടികൾ സ്വീകരിച്ച് ഗുണഭോക്താക്കൾക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. പെൻഷൻ അപേക്ഷകൾ സ്വീകരിച്ച തീയതി, പരിശോധനയ്ക്ക് നൽകിയ തീയതി, തിരികെ ലഭിച്ച തീയതി, തീർപ്പ് സംബന്ധിച്ച വിവരം ഇവ രേഖപ്പെടുത്തുന്ന രീതിയിൽ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. പെൻഷൻ വിതരണം കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ ഭാഗത്ത് നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

## 3-13 കാർഷികമേഖല—മാറ്റങ്ങൾ അനിവാര്യം

പഞ്ചായത്തിൽ ആകെ 1769Ha കൃഷിഭൂമിയുള്ളതിൽ 1688 Ha ൽ മാത്രമാണ് കൃഷി ഉള്ളത്. 81 Ha തരിശു ഭൂമിയുള്ളതിൽ 52 Ha കൃഷി യോഗ്യമായ ഭൂമിയുണ്ട്. ജനകീയാസൂത്രണ പദ്ധതികൾ, കൃഷിവകുപ്പ് എന്നിവ മുഖേന 15 Ha തരിശ് ഭൂമി കൃഷിക്ക് ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടുണ്ട് എന്ന് കൃഷിഓഫീസർ അറിയിച്ചു. ബാക്കി ഭൂമി കൂടി കൃഷിക്ക് ഉപയുക്തമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. നെൽക്കൃഷി നടപ്പാക്കുന്നതിൽ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ മൂലം പ്രായോഗികമായ ബുദ്ധിമുട്ടുകൾ ഉണ്ടെന്ന് കൃഷിഓഫീസർ അറിയിച്ചു.

കൃഷി ഭവൻ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പാക്കേണ്ടതാണ്. തീരപ്രദേശമായതിനാൽ കാർഷിക മേഖലയിൽ നിരവധി വെല്ലുവിളികൾ നേരിടേണ്ടി വരുന്നുണ്ട് എങ്കിൽ തന്നെയും തീരപ്രദേശ മേഖലയ്ക്ക് അനുയോജ്യമായ കേര കൃഷി, മഞ്ഞൾ, ഇഞ്ചി, കുരുമുളക് പോലുള്ള കാർഷിക പദ്ധതികൾ നടപ്പാക്കി കാർഷിക രംഗത്ത് സ്വയംപര്യാപ്തമാകാനുള്ള ശ്രമം നടത്തുന്നത് സ്വാഗതാർഹമാണ്. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 3-14 ഹരിതകേരള മിഷൻ പ്രവർത്തനങ്ങൾ

പഞ്ചായത്ത് പരിധിയിലുള്ള ജൈവ-അജൈവ മാലിന്യങ്ങളുടെ അളവ്, ഉറവിടങ്ങൾ നിർമാർജ്ജന സാധ്യതകൾ എന്നിവ സംബന്ധിച്ച പഠനം നടത്തി മാലിന്യസംസ്കരണം, നിർമ്മാർജ്ജനം എന്നീ മേഖലകളിൽ പദ്ധതി പ്രവർത്തനങ്ങൾ ഒന്നും തന്നെ തൻ വർഷം നടപ്പിലാക്കിയിട്ടില്ല. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166 പ്രകാരം മാലിന്യ സംസ്കരണം സ്ഥാപനത്തിന്റെ അനിവാര്യ ചുമതലയിൽ ഒന്നാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻ വർഷം മാലിന്യസംസ്കരണം പ്രോജക്റ്റ് (നം.192,193)

പ്രകാരം 780000/-രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

മാലിന്യ സംസ്കരണ പ്രൊജക്ടുകൾ 'ഹരിത കേരളം' മിഷന്റെ ഭാഗമായിട്ടുള്ള ശുചിത്വ പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കുന്ന രീതിയിൽ ആവിഷ്കരിക്കേണ്ടതും ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുകയും അജൈവ മാലിന്യം ശേഖരിച്ച് പുന:ചംക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യേണ്ടതാണ്.

പ്രോജക്ട് ആസൂത്രണം ചെയ്ത് സമയ ബന്ധിതമായി നടപ്പിലാക്കാൻ ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥൻ, ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, മാലിന്യ സംസ്കരണ പ്രോജക്ടുകളുടെ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട ശുചിത്വം, മാലിന്യ സംസ്കരണം വർക്കിംഗ് ഗ്രൂപ്പ് തങ്ങളുടെ ഉത്തരവാദിത്വം ശരിയായരീതിയിൽ നിർവഹിച്ച് പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതും പ്രോജക്ടുകൾ ഉദ്ദേശലക്ഷ്യം കൈവരിച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-15 ലൈഫ് പദ്ധതി-തുടർനടപടി സ്വീകരിക്കേണ്ടതാണ്

2016-17 ൽ ലൈഫ് പദ്ധതി ഒന്നാം ഘട്ടത്തിൽ വിവിധ ഭവനപദ്ധതികളിലായി നിർമ്മാണ പൂർത്തിയാക്കാതിരുന്ന 6 ഗുണഭോക്താക്കളിൽ 5പേരും മേൽക്കൂര വരെ നിർമ്മാണം പൂർത്തിയാക്കിയതായും ശേഷിക്കുന്ന ഒരു ഗുണഭോക്താവിനെക്കൊണ്ട് നിർമ്മാണം പൂർത്തിയാക്കിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും വി.ഇ.ഒ അറിയിച്ചു.

ഫൗണ്ടേഷൻ മാത്രം നിർമ്മിച്ച ഉണ്ണിമോൻ എന്ന ഗുണഭോക്താവ് 31.3.18 ൽ 1,00,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്. ഇദ്ദേഹത്തിന്റെ അച്ഛൻ സുനാമി പാക്കേജ് പദ്ധതിയിലെ ഗുണഭോക്താവ് ആയിരുന്നു. പിന്നീട് അദ്ദേഹം മരണപ്പെട്ടതിന് ശേഷം മകനെ ഗുണഭോക്താവ് ആക്കി തുക അനുവദിച്ചു. സുനാമി പാക്കേജ് പദ്ധതിയിൽ ടിയാന് ആനുകൂല്യം ലഭിച്ചിരുന്നോ എന്നത് പരിശോധിച്ച് ഉറപ്പാക്കിയ ശേഷം തുടർന്ന് ആനുകൂല്യം നല്കേണ്ടതും ഭവനനിർമ്മാണം പൂർത്തിയാക്കിക്കാനും നിർമ്മാണം നടത്താത്ത പക്ഷം അനുവദിച്ച തുക തിരികെ ഈടാക്കാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 കന്നുകുട്ടി പരിപാലനം - പദ്ധതി മോണിറ്ററിംഗ് അനിവാര്യം

പ്രത്യേക കന്നുകുട്ടി പരിപാലനം (S0063/18) പദ്ധതിയിൽ 70 ഗുണഭോക്താക്കൾക്കായി 12500/- രൂപ പ്രകാരം വികസനഫണ്ട് ആകെ 8,75,000/- രൂപ കാഫ്ഫീഡ് അസിസ്റ്റന്റ് ഡയറക്ടർക്ക് അനുവദിച്ചിട്ടുണ്ട്. സംസ്ഥാന വിഹിതം ലഭ്യമാകാഞ്ഞതിനാൽ ഒരു ഗുണഭോക്താവിന് 6250/- രൂപ പ്രകാരം 437500/-രൂപ സംസ്ഥാന വിഹിതം കൂടി ചേർത്താണ് തുക അനുവദിച്ചത്. 4/18 ൽ രണ്ടു ക്ഷീരസംഘങ്ങൾ മുഖേന പദ്ധതി ആരംഭിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനം പൂർത്തിയാകുന്നതു വരെ മോണിറ്ററിംഗ് നടത്തേണ്ടതും വിനിയോഗ വിവരം ലഭ്യമാക്കേണ്ടതുമാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നതു വരെ ടി ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

ചെലവ് വിവരം

437500/- ബിൽ നം.5/18 dt.19.2.18

437500/- ബിൽ നം.10/18 dt.28.3.18

## 3-17 തൊഴിലുറപ്പ് പദ്ധതികളുടെ വിവരം

തൊഴിലുറപ്പ് പദ്ധതി പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ വിവിധ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | പൂർത്തിയാക്കിയ തൊഴിൽ ദിനങ്ങൾ | ആകെ മനുഷ്യ ദിനങ്ങൾ | ചെലവ് |
|---|---|---|---|---|
| 1 | വനവൽക്കരണത്തിന്റെ ഭാഗമായി പൊതുസ്ഥലങ്ങളിൽ വൃക്ഷതൈ നടീലും വേലികെട്ടി സംരക്ഷണവും | 32000 | 32450 | 8416000 |
| 2 | നഴ്സറി | 11500 | 11766 | 3024500 |
| 2 | മണ്ണ് ജലസംരക്ഷണപ്രവൃത്തികൾ | 193300 | 194400 | 50837900 |
| 3 | കയർ ഭൂവസ്ത്രം | 57860 | 57995 | 15217180 |
| 4 | ദുർബല വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ | 29082 | 47040 | 7648566 |

| | | | | |
|---|---|---|---|---|
| | ജൈവവേലി നിർമ്മാണവും വൃക്ഷത്തൈ നടീലും | | | |
| 5 | ഐ.എച്ച്.എച്ച്.എൽ | 4606 | 4606 | 1211378 |
| | ആകെ | 328348 | 348257 | 86355524 |

ചെലവിന്റെ 76 ശതമാനവും ജല സംരക്ഷണത്തിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയത് അഭിനന്ദനാർഹമാണ്.

## 3-18 ഗ്രാവലിംഗിലും മെറ്റലിംഗിലുമായി ഒതുങ്ങുന്ന റോഡ് പ്രവൃത്തികൾ -ഭാവിയിൽ അധിക ചെലവിന് സാധ്യത

ഗ്രാമ പഞ്ചായത്ത് 2016-17 വർഷം ഒരു റോഡ് മെറ്റലിംഗ് പ്രവൃത്തിയും, 2017-18 വർഷം ഒരു ഗ്രാവൽ പ്രവൃത്തിയും ഒരു റോഡ് മെറ്റലിംഗ് പ്രവൃത്തിയുമാണ് ചെയ്തിട്ടുള്ളത്. വിശദാംശം താഴെ കൊടുക്കുന്നു.

2016-17

| ക്രമ നം. | പ്രോജക്ടിന്റെ പേര് | വിനിയോഗിച്ച ഫണ്ട്/വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|---|
| 1 | പ്രാട്ടേക്കാത്ത് വടക്ക് വശം മുതൽ പുത്തൻ മണ്ണേൽ റോഡ് മെറ്റലിംഗ്(49/16-17 | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) 300000/- | 233671 |

2017-18

| ക്രമ നം. | പ്രോജക്ടിന്റെ വിശദാംശം | വിനിയോഗിച്ച ഫണ്ട് | ചെലവ് തുക |
|---|---|---|---|
| 1 | ഉണ്ണിശ്ശേരിൽ ക്ഷേത്രത്തിനു വടക്ക് വശം കിഴക്കോട്ട് റോഡ് മെറ്റലിംഗ് (SO.06/18) | മെയിന്റനൻസ് ഗ്രാന്റ് റോഡ് 875000/- | 870365 |
| 2 | പറമ്പിൽ കുന്നംപുറത്ത് തെക്കേതിൽ റോഡ് കൾവർട്ടും,ഗ്രാവലിംഗും. (SO.37/18) | വികസനഫണ്ട്. (ജനറൽ)425121<br>തനത്ഫണ്ട് 74879 | 425121<br>58630 |

മേൽ പ്രവൃത്തികളിന്മേൽ തുടർ പ്രവൃത്തികൾ ചെയ്തതായി ഓഡിറ്റിനെ ബോധ്യപ്പെടുത്തിയിട്ടില്ല. മെറ്റലിംഗ് ചെയ്തതിനുശേഷം വർഷങ്ങളായിട്ടും ടാറിംഗ് നടത്താതിരുന്നാൽ മെറ്റൽ ഇളകിപ്പോകാനും വീണ്ടും ബേസ്/സബ് ബേസ് പ്രവൃത്തികൾ ചെയ്യേണ്ടതായും വരും. അതേ പോലെ ഗ്രാവൽ പാതയിന്മേൽ മെറ്റലിംഗും ടാറിംഗും യഥാസമയം നടത്തിയില്ലെങ്കിൽ ഗ്രാവൽ റോഡുകൾ നാശോന്മുഖമായി തീരാനും ഇടയാക്കും.

ഗ്രാമ പഞ്ചായത്ത് റോഡ് രജിസ്റ്റർ ശരിയായി പരിപാലിക്കാത്തതിനാലാണ് തുടർ പ്രവൃത്തി ആവശ്യമായ റോഡുകളിൽ നടപടിയൊന്നും ഉണ്ടാവാത്തതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. റോഡ് കണക്ടിവിറ്റി മാപ്പ്, റോഡുകളുടെ പട്ടിക എന്നിവയുടെ അഭാവത്താൽ ഫണ്ട് വാർഡ് തലത്തിൽ വീതം വെച്ച് പോകാനും കണക്ടിവിറ്റി ഇല്ലാത്ത റോഡ് വികസനം പാഴ് ചെലവാകാനും ഇടയാക്കുന്നു. ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ റോഡ് വികസനത്തിൽ സമഗ്ര കാഴ്ചപ്പാട് ഇല്ലാതെയാകുന്നു. പൊതു മരാമത്ത് വർക്കിംഗ് ഗ്രൂപ്പും കാര്യക്ഷമമായി ഇടപെടൽ നടത്തുന്നില്ലായെന്ന് മിനിറ്റ്സ് ബുക്കുകളുടെ പരിശോധനയിൽ നിന്നും വ്യക്തമാകുന്നു. ഗ്രാവൽ, മെറ്റൽ റോഡുകളിൽ യഥാസമയം തുടർപ്രവൃത്തികൾ ചെയ്തില്ലെങ്കിൽ ഭാവിയിൽ അധിക ചെലവിന് സാധ്യത ഏറെയുള്ളതിനാൽ റോഡുകളിൽ തുടർപ്രവൃത്തികൾ നടത്തി ഗതാഗതം സുഗമമാക്കേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 3-19 ഓഡിറ്റ് ഇംപാക്റ്റ്

ആറാട്ടുപുഴ കോർപ്പറേഷൻ ബാങ്കിലെ രണ്ട് ജീവനക്കാർ, കണ്ടപ്പുറം ക്ഷീരസംഘം A-231 D എന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് ഓഡിറ്റ് അന്വേഷണത്തിലൂടെ (നം. 13/26.11.18) ശ്രദ്ധയിൽപ്പെടുത്തിയതിനാൽ കണ്ടപ്പുറം ക്ഷീരസംഘം A-231 D യിൽനിന്ന് 28.11.18 ൽ രസീത് നം. 118010101058 പ്രകാരം 3857/- രൂപയും കോർപ്പറേഷൻ ബാങ്കിൽ നിന്ന് 29.11.18 ൽ 118010101066, 118010101067 എന്നീ രസീതുകൾ പ്രകാരം യഥാക്രമം 7565/-രൂപയും 7190/-രൂപയും പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടുക്കി.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മുതുകുളം ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 145000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 145000 | 0 |
| മുതുകുളം ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 106350 | -'ടി- | 86125 | 20225 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 145000 | -ടി- | 145000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 64000 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 64000 | 0 |

4-2) നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി.ഡബ്ല്യു.ഡി | ഇലക്ട്രിക് വയറിംഗ് | 21300844 | 87567 | 0 | 87567 |
| --ടി-- | അങ്കണവാടി നിർമ്മാണം | 21700947 | 1160000 | 0 | 1160000 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21700869 | 62300 | 0 | 62300 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21700950 | 64000 | 0 | 64000 |

4-3) മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

4-4) വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ് ഇല്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | ജി.ഒ(ആർ.ടി) നം.740/20 /എൽ.എസ്.ജി.ഡി തീയതി. 20.03.10 | 15498000 | 5514515 | 1400000 | | 4114515 |

4-5) സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

4-6) ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 18,834/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2014-15 | 3-4 | 4707 | എ.ഇ.,എൽ.എസ്.ജി.ഡി | 117040100042/12.4.17 |
| 1998-99 | 17 | 543 | ഫ്രഡി ഫെറിയ | 117040101213/24.10.17 |
| 1998-99 | 20 | 2000 | -ടി-- | 117040101213/24.10.17 |
| 2015-16 | 2-2 | 7800 | അശോക് കുമാർ,സെക്രട്ടറി | 117040102062/29.1.18 |
| 2015-16 | 2-2 | 2058 | -ടി-- | 117040102063/29.1.18 |
| 2013-14 | 8 | 1060 | സിബിൻ.രതീഷ്,മണിയമ്മ | 117040102080/31.1.18 |
| 2013-14 | 8 | 666 | -ടി- | 117040102249/16.2.18 |
| ആകെ | | 18834 | | |

4-7) സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-32 | 2012-13 | | സമ്പൂർണ്ണ ഊർജ്ജാസൂത്രണം ഹോമിയോ മെഡിക്കൽ ഓഫീസർ മരുന്നു വാങ്ങൽ പദ്ധതി നിർവ്വഹണ തുക | ലഭ്യമല്ല |
| 2009-10 | 3-12 | | | | |
| 2010-11 | 3-15 | | | | |

4-8) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2007-08 | ഖ.3-18 | കെ.എം.ദേവരാജൻ | എൽ.എഫ്. 24912/ ബി3/2013 തീയതി. 21.10.15 | 99850 | - | - | - | - | - | 99850/- | തുക അടച്ചതിന്റെ വിവരം ലഭ്യമല്ല. |

4-9) ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 62459629.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 67318786.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 49,950 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 23,04,033 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-9 | | 49,950 | ശ്രീമതി.ഉഷാകുമാരി, ഹെഡ്മിസ്ട്രസ്<br>ശ്രീ.എം.ഹുസൈൻ, എ.ഇ.ഒ. |
| | ആകെ | 49,950 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1269301 | ഷീബ.കെ.എസ്, സെക്രട്ടറി<br>ജയകുമാർ.എസ്, സെക്രട്ടറി |
| 3-8 | 25000 | സിറോഷ്.എസ്. അസിസ്റ്റന്റ് സെക്രട്ടറി |
| 3-10 | 134732 | ഡോ.നൂപുര, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-16 | 875000 | ഡോ.അർച്ചന.എസ്.നായർ, വെറ്ററിനറി സർജ്ജൻ |
| ആകെ | 2304033 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷീബ.കെ.എസ്, സെക്രട്ടറി | സെക്രട്ടറി, കുറ്റൂർ ഗ്രാമപഞ്ചായത്ത് പത്തനംതിട്ട | സിത്താര, തമലം, പൂജപ്പുര, തിരുവനന്തപുരം |
| ജയകുമാർ.എസ്, സെക്രട്ടറി | വിരമിച്ചു. | തിരുവോണം, ശാന്തിപുരം, തിരുവനന്തപുരം |
| സിറോഷ്.എസ്,<br>അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി,<br>തെങ്കര ഗ്രാമപഞ്ചായത്ത്,<br>പാലക്കാട് | കൊട്ടിനാട്,ആലുംപീടിക |

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഉഷാകുമാരി, ഹെഡ്മിസ്ട്രസ് | ഗവ.യു.പി.എസ്. തമ്പകച്ചുവട്, നോർത്ത് ആര്യാട്, ആലപ്പുഴ | സാന്ദ്രം, കരുവേലിൽ, മണ്ണഞ്ചേരി |
| നൂപുര, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, ആറാട്ടുപുഴ | തെക്കേപ്പറമ്പിൽ ഹൗസ്, മംഗലം.പി.ഓ.,ആറാട്ടുപുഴ |
| ഡോ.അർച്ചന.എസ്.നായർ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, തൃക്കുന്നപ്പുഴ | രാജീവം, മുതുകുളം തെക്ക്, ആലപ്പുഴ |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1986-87 | എൽ.എഫ്.എ.1486/89/10.03.90 |
| 1987-88 | എൽ.എഫ്.എ.1570/90/06.02.91 |
| 1988-89 | എൽ.എഫ്.എ.730/91/12.8.92 |
| 1989-90 | എൽ.എഫ്.എ.564/92/18.08.92 |
| 1990-91,1991-92 | എൽ.എഫ്.എ.1057/93/05.11.95 |
| 1992-93 | എൽ.എഫ്.എ.1216/94/17.01.95 |
| 1993-94 | എൽ.എഫ്.എ.116/98/5.3.96 |
| 1994-95,1995-96 | എൽ.എഫ്.എ5/58/98/26.0.98 |
| 1996-97 (ചെലവ്) | എൽ.എഫ്.എ5/667/98/11.08.2000 |
| 1996-97 (വരവ്) | എൽ.എഫ്.എ5/667/98/11.08.2000 |
| 997-98 (ചെലവ്) | എൽ.എഫ്.എ10/1209/00/17.03.01 |
| 1997-98 (വരവ്) | എൽ.എഫ്.എ8/594/05/8.2.06 |
| 1998-99 | എൽ.എഫ്.എ8/118/02/7.12.02 |
| 1999-2000 (ചെലവ്) | എൽ.എഫ്.എ8/1413/03/13.4.04 |
| 2000-01 | എൽ.എഫ്.എ8/1414/03/13.04.04 |
| 2001-02 | എൽ.എഫ്.എ13/375/08/17.12.08/13.01.09 |
| 2002-03 | എൽ.എഫ്.എ13/380/08/19.12.08/19.01.09 |
| 2003-04 | എൽ.എഫ്.എ13/381/88/19.12.08/ 16.01.09 |
| 2004-05 | എൽ.എഫ്.എ13/393/08/7.4.09 |
| 2005-06, 2006-07(ചെലവ്) | എൽ.എഫ്.എ13/483/09/8.5.09 |
| 2006-07 (വരവ്) | എൽ.എഫ്.എ.13/549/10/31.01.2011 |
| 2007-08 | എൽ.എഫ്.എ13/550/10/31.01.2011 |
| 2008-09, 2009-10, 2010-11 | എൽ.എഫ്.എ.പി4.1068/2012, തീയതി, 12.12.12/08.03.13 |
| 2011-12, 2012-13 | എൽ.എഫ്.എ.പി14/1839/2014/ 10.02.15 |
| 2013-14 | എൽ.എഫ്.എ.പി4/671/15/4.08.15 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി4-745/16, 16.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി13-1448/16, തീയതി,17.12.2016 |
| 2016-17 | കെ.എസ്.എ.എ.എൽ.പി-പി13-746/2017 തീയതി. 19.06.17 |

.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

*അനുബന്ധം – I*

നം.കെ.എസ്.എ-എ.എൽ.പി-ജി.എ.4-1126(3)/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്,ആലപ്പുഴ.

തീയതി. 03.07.2018

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ആറാട്ടുപുഴ ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

.

.

ഡെപ്യൂട്ടി ഡയറക്ടർ

*അനുബന്ധം – II*

| | | |
|---|---|---|
| 1. | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract |
| 2. | ഇൻകം & എക്സ്പെൻഡിച്ചർ | |
| 3. | ബാലൻസ് ഷീറ്റ് | |

.

.

.

.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ